**പതിനഞ്ചാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 498** **02-02-2023-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**(ബി)** 2016 മേയ് മാസത്തിന് ശേഷം സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല എന്നിവിടങ്ങളിലെ ജീവനക്കാരിൽ ഏതെല്ലാം വിഭാഗം ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ആയതിനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u> 2016 മേയ് മാസത്തിന് ശേഷം സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖല എന്നിവിടങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചത് സംബന്ധിച്ച ലഭ്യമായ വിവരങ്ങളും, ആയതിനുള്ള സാഹചര്യങ്ങളും അനുബന്ധമായി ചേർക്കുന്നു.**

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

1. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിലെ പ്രോസസ്സിംഗ് തൊഴിലാളികൾ എന്ന വിഭാഗം ജീവനക്കാരുടെ പെൻഷൻ പ്രായം 58 ൽ നിന്നും 60 ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

2. പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയുടെ സ്ഥിരം തോട്ടം തൊഴിലാളികളുടെ വിരമിക്കൽ പ്രായം 58 ൽ നിന്നും 60 വയസ്സാക്കി ഉയർത്തിയിട്ടുണ്ട്.

3. കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 56 ൽ നിന്ന് 58 ആയി ഉയർത്തിയിട്ടുണ്ട്.

4. കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാലയിൽ ബഹു.ഹൈക്കോടതി വിധിന്യായത്തിൽ നിർദ്ദേശിച്ച പ്രകാരം സർവ്വകലാശാലയിൽ അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരന്റെ പരാതി കേട്ട്, സർവ്വകലാശാല ആക്ട് സെക്ഷൻ 55(6) പ്രകാരം ഓപ്ഷൻ വഴി നിയമിക്കപ്പെട്ടവരുടെ സർവീസ് വ്യവസ്ഥകളുടെ സംരക്ഷണം എന്ന നിലയിൽ പെൻഷൻ പ്രായം 60 വയസ്സാക്കി ഉയർത്തിയിട്ടുണ്ട്.

5. ആരോഗ്യ വകുപ്പിൽ ഡോക്ടർമാരുടെ പെൻഷൻ പ്രായം 56 വയസ്സിൽ നിന്ന് 60 വയസ്സാക്കി ഉയർത്തിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഡോക്ടർമാരുടെ പെൻഷൻ പ്രായം 60–ൽ നിന്നും 62 വയസ്സാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിരന്തരമായുണ്ടാകുന്ന പകർച്ചവ്യാധികളും കാലാവസ്ഥാജന്യരോഗങ്ങളും നേരിടുന്നതിന് പരിചയ സമ്പന്നരും സേവന സന്നദ്ധരുമായ ഡോക്ടർമാരുടെ സേവനം അത്യാവശ്യമായതിനാലാണ് ഈ രണ്ടു വകുപ്പുകളിലും പെൻഷൻ പ്രായം വർദ്ധിപ്പിച്ചത്.

6. മലബാർ ക്യാൻസർ സെന്ററിൽ പ്രൊഫസർമാരുടെ പെൻഷൻ പ്രായം 65 വയസ്സായും മറ്റ് അക്കാദമിക് ജീവനക്കാരുടെ പെൻഷൻ പ്രായം 62 വയസ്സായും നോൺ അക്കാദമിക് ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായും നിജപ്പെടുത്തിയിട്ടുണ്ട്. എം.സി.സി യിലെ അക്കാദമിക്/നോൺ

അക്കാദമിക് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥയും വിരമിക്കൽ പ്രായവും റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരത്തിന് തുല്യമാക്കിയ സാഹചര്യത്തിലാണ് എം.സി.സി യിലെയും എല്ലാ ജീവനക്കാരുടെയും വിരമിക്കൽ പ്രായം തുല്യപ്പെടുത്തിയത്.

7. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ ദന്തൽ സർജന്മാരുടെ വിരമിക്കൽ പ്രായം 56 വയസ്സിൽ നിന്നും 60 ആയി ഉയർത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിലെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും MBBS ബിരുദധാരികളായ ഡോക്ടർമാരുടെയും BDS യോഗ്യതയുള്ള ഡോക്ടർമാരുടെയും വിരമിക്കൽ പ്രായം തുല്യമായതിനാൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ദന്തൽ സർജന്മാരുടെ പെൻഷൻ പ്രായം ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാരുടേതിന് തുല്യമാക്കി ഉയർത്തണമെന്ന ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ദന്തൽ സർജന്മാരുടെ വിരമിക്കൽ പ്രായം ഉയർത്തിയത്.

8. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 01/04/2013-ന് മുമ്പ് ജോലിയിൽ പ്രവേശിച്ച അംഗപരിമിതരായ സ്ഥിരം ജീവനക്കാരെ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നതിന് അർഹരാക്കുന്നതിനായി, പ്രസ്തുത ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി ഉയർത്തിയിട്ടുണ്ട്.

9. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന് കീഴിലെ കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി (കെ.എസ്.ആർ.ഇ.സി) കേന്ദ്രത്തിൽ 09.09.2005 ലെ സ.ഉ.(എം.എസ്) 62/05/പ്ലാനിംഗ് നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന പുതുക്കിയ സർവീസ് റൂളിലെ ഖണ്ഡിക 13.1 പ്രകാരം സെന്ററിലെ ഭരണ/സാങ്കേതിക വിഭാഗം ജീവനക്കാരുടെ വിരമിക്കൽ പ്രായം 55 വയസ്സാക്കി നിജപ്പെടുത്തിയിരുന്നു. കൂടാതെ ടി റൂൾ പ്രകാരം സെന്ററിലെ ശാസ്ത്രവിഭാഗം ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സാക്കി നിജപ്പെടുത്തിയിട്ടുള്ളതും എന്നാൽ 55 വയസ്സിനു ശേഷം ടി വ്യക്തിയുടെ സേവനം തുടരുന്നതിനുള്ള വിവേചനാധികാരം നിയമനാധികാരിയിൽ നിക്ഷിപ്തമാണെന്നും 55 വയസ്സിനു മുകളിൽ ജീവനക്കാരന്റെ സേവനം കേന്ദ്രത്തിന് അനിവാര്യമാണോയെന്നും, ടിയാൻ അതിനു യോഗ്യനാണോയെന്നും 55 വയസ്സ് പൂർത്തിയാകുന്നതിനു മുൻപായി നിയമനാധികാരി വിലയിരുത്തി ടിയാൻ സ്ഥാപനത്തിൽ

തുടരേണ്ടതിന്റെ ആവശ്യകത രേഖപ്പെടുത്തണമെന്നുള്ള ഒരു വ്യവസ്ഥ കൂടി പ്രത്യേകം നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്.

05.02.2021–ലെ സ.ഉ.(എം.എസ്) 01/21/പി&ഇഎ നമ്പർ ഉത്തരവ് പ്രകാരം (കെ.എസ്.ആർ.ഇ.സി.യിലെ ഭരണ/സാങ്കേതിക വിഭാഗം ജീവനക്കാരുടെ വിരമിക്കൽ പ്രായം 55–ൽ നിന്നും 56 ആക്കി സർവീസ് റൂൾ ഭാഗികമായി ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം 56 വയസ്സ് ആക്കി നിശ്ചയിച്ച സാഹചര്യത്തിൽ (കെ.എസ്.ആർ.ഇ.സി.യിലെ ശാസ്ത്ര വിഭാഗത്തിൽപ്പെട്ട 3 ജീവനക്കാരെ 56 വയസ്സുവരെ തുടരാൻ അനുവദിച്ച് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

10. കയർ വികസന വകുപ്പിന് കീഴിലുള്ള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ പ്രായം 58 വയസ്സാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

…………………………………………………